## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6695 01.11.2011 ൽ മറുപടിക്ക്

### 'അതീവ സുരക്ഷാ നമ്പർ പ്ളേറ്റുകൾ'

| ചോദ്യം<br>ശ്രീ. ഇ.ചന്ദ്രശേഖരൻ | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|
| (എ) 'അതീവ സുരക്ഷാ നമ്പർ പ്ളേറ്റുകൾ' പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) ബഹു. സുപ്രീം കോടതി 13.8.2010 ൽ WP(C)510/2005 ന്മേൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് ദർഘാസ് ക്ഷണിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് 7.10.2010 ലെ ജി.ഒ.(എം.എസ്) നം.69/2010/ട്രാൻ പ്രകാരം സർക്കാർ ദർഘാസ് ക്ഷണിക്കുവാനുള്ള ഉത്തരവ് പുറപ്പെടുവിച്ചു. 31.01.2011 ആണ് ദർഘാസ് തുറക്കുവാനുള്ള തീയതിയായി നിശ്ചയിച്ചത്. അന്നേ ദിവസം 2 കമ്പനികൾ ദർഘാസ് സമർപ്പിച്ചു - (1)M/s Akruti Security Plates Pvt Ltd, Mumbai; (2) M/s Kerala Small Industries Development Corporation Ltd (SIDCO), Thiruvananthapuram അവയുടെ പ്രീ-ക്വാളിഫിക്കേഷൻ ബിഡ്ഡുകൾ ഒരു വകുപ്പുതല സമിതി പരിശോധിക്കുകയും Kerala SIDCO ദർഘാസ് നിബന്ധനകൾ അനുസരിച്ചല്ല ദർഘാസ് സമർപ്പിച്ചിരിക്കുന്നത് എന്ന് വിലയിരുത്തുകയും ചെയ്തു. അതിനിടെ M/s Tonnjes Eastern Security Technologies Pvt Ltd എന്ന കമ്പനി ദർഘാസിലെ ചില നിബന്ധനകൾക്കെതിരെയും ദർഘാസ് സമർപ്പിക്കാനുള്ള തീയതി നീട്ടിക്കിട്ടണമെന്നും ആവശ്യപ്പെട്ട് കേരള ഹൈക്കോടതി മുമ്പാകെ 31.01.2011 ൽ WP(C)3149/2011 കേസ് ഫയൽ ചെയ്തു. അന്നുതന്നെ ദർഘാസ് തുറക്കുന്നത് |

ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ സ്റ്റേ ചെയ്തു കൊണ്ട് കോടതി ഉത്തരവ് പുറപ്പെടുവിച്ചു. ഈ കാര്യങ്ങൾ ബഹു. സുപ്രീംകോടതിയുടെ ശ്രദ്ധയിൽ കൊണ്ടു വരികയും എത്രയും വേഗം സ്റ്റേ നീക്കാനുള്ള നടപടികൾ കൈക്കൊള്ളാൻ കോടതി നിർദ്ദേശിക്കുകയും ചെയ്തു. 05.04.2011 ലെ ഉത്തരവ് പ്രകാരം കേരള ഹൈക്കോടതി WP(C)3149/2011 ൽ പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നീക്കുകയും ദർഘാസിന്മേൽ നടപടികൾ തുടരുവാൻ നിർദ്ദേശിക്കുകയും ചെയ്തു. M/s ആക്രുട്ടി (Akruti) സെക്യൂരിറ്റി പ്ലേറ്റ്സ് WP(C)3149/2011 ന്മേൽ സമർപ്പിച്ച അപ്പീലിൽ 12.4.2011 ൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ ഒരു കമ്പനി മാത്രം ദർഘാസ് നിബന്ധനകൾ പ്രകാരം യോഗ്യരായിട്ടുള്ളതിനാൽ അവർക്ക് കരാർ കൊടുക്കുന്നത് അതിസുരക്ഷാ നമ്പർ പ്ലേറ്റ് നടപ്പിലാക്കിയ മറ്റ് സംസ്ഥാനങ്ങളിലെ നിരക്കുകളുമായി താരതമ്യം നടത്തിയ ശേഷം ന്യായമാണെങ്കിൽ മാത്രം നൽകിയാൽ മതിയെന്നും അല്ലെങ്കിൽ പുതിയ ദർഘാസ് ക്ഷണിക്കുവാനും ബഹു. സുപ്രീം കോടതിയിൽ അതിനായി സമയം നീട്ടിത്തരുവാനായി അപേക്ഷിക്കാനും സർക്കാരിനോട് നിർദ്ദേശിച്ചു. ഈ വിധിക്കെതിരെ M/s ടോൺജ്ജ്സ് ഈസ്റ്റേൺ സെക്യൂരിറ്റി ടെക്നോളജീസ് ബഹു. സുപ്രീം കോടതി മുമ്പാകെ സ്പെഷ്യൽ ലീവ് പെറ്റീഷൻ SLP (C)13630-13631/2011 ഫയൽ ചെയ്യുകയും 13.5.2011 ലെ ഉത്തരവ് പ്രകാരം തൽസ്ഥിതി തുടരാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. 12.8.2011 ൽ WP(C)510/2005 ൽ പുറപ്പെടുവിച്ച ഉത്തരവിൽ സുപ്രീം കോടതി കേരളത്തിന്റെ പുനഃദർഘാസിനുള്ള അപേക്ഷ തള്ളിക്കളയുകയും 30.8.2011 ലെ ഉത്തരവ് പ്രകാരം എല്ലാ സംസ്ഥാനങ്ങളോടും 8 ആഴ്ചയ്ക്കകം എല്ലാ ജില്ലകളിലും ഈ പദ്ധതി പൂർത്തീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ഈ സമയപരിധി 25.10.2011 ന് അവസാനിക്കുകയും ചെയ്തു. ബഹു. സുപ്രീംകോടതിയുടെ രണ്ട് ബഞ്ചുകൾ വ്യത്യസ്തമായ രീതിയിൽ പുറപ്പെടുവിച്ചിരുന്ന വിധികൾ നിലനിൽക്കുന്നതിനാൽ മോട്ടോർ

വാഹന വകുപ്പിന് ഇപ്പോൾ ലഭിച്ച ദർഘാസിന്മേൽ തുടർ നടപടികൾ സ്വീകരിക്കുവാനോ പുതിയ ദർഘാസ് വിളിക്കുന്നതിനുള്ള നടപടികളെടുക്കുവാനോ സാധിക്കാതെ വന്നിരിക്കുകയാണ്. ഇതിനിടെ ബിഡിന്റെ സാധുത (validity) 29.7.2011 ൽ അവസാനിക്കുകയും ചെയ്തു.ഈ കാര്യങ്ങളെല്ലാം ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതിന് ആവശ്യമായ ചെലവുകൾ ആരാണ് വഹിക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) Build, Own and Operate വ്യവസ്ഥ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കരാർ ലഭിക്കുന്ന കമ്പനി തന്നെ എല്ലാ ചെലവുകളും വഹിക്കും

(സി) വാഹനമുടമകൾ ഇക്കാര്യത്തിനായി എന്തെങ്കിലും ചെലവ് വഹിക്കേണ്ടി വരുമോ എന്നറിയിക്കാമോ?

(സി) നമ്പർ പ്ലേറ്റുകൾ സ്വന്തം ചിലവിൽ വാഹനമുടമകൾ വാങ്ങേണ്ടി വരും

സെക്ഷൻ ഓഫീസർ